നമ്പർ.ഇ1/79/2018/റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 17/05/2019

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — EIB - കളുടെ മഴക്കാലപൂർവ്വ പരിശോധന — നിർദ്ദേശങ്ങൾ നൽകുന്നത് — സംബന്ധിച്ച്.

സൂചന :-

എല്ലാ വർഷങ്ങളിലേതു പോലെ ഈ വർഷവും സ്കൂൾ തുറക്കുന്നതിനു മുമ്പായി തന്നെ എല്ലാ EIB കളും പരിശോധനയ്ക്ക് വിധേയമാക്കി സർവ്വീസിന് യോഗ്യമാണെന്ന സുരക്ഷാ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. സ്കൂൾ തുറക്കുന്ന 01/06/2019 - ന് മുമ്പായിതന്നെ എല്ലാ സ്കൂൾ വാഹനങ്ങളും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇതിനായി എല്ലാ ജോയിന്റ് ആർ.ടി.ഒ.മാരും ആർ.ടി.ഒ.മാരും 01/06/2019 - ന് മുമ്പായി അവരവരുടെ സൗകര്യാർത്ഥം ഒന്നോ രണ്ടോ ദിവസം ഇതിനായി നിശ്ചയിച്ച് അറിയിപ്പ് നൽകേണ്ടതാണ്.

വാഹനങ്ങളുടെ മെക്കാനിക്കൽ പരിശോധനയോടൊപ്പം

1. സ്കൂൾ വാഹനങ്ങളിൽ പ്രദർശിപ്പിക്കേണ്ട കാര്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ( ഉദാ: RTO, Police phone numbers, child help line number, emergency number, etc.)

2. എല്ലാ വാഹനങ്ങളിലും, നിശ്ചിത ജി.പി.എസ്. ഫിറ്റ് ചെയ്തതായി ഉറപ്പ് വരുത്തേണ്ടതും, അവ യഥാസമയം Tag ചെയ്യേണ്ടതുമാണ്.

3. എല്ലാ വാഹനങ്ങളിലും Speed Governer - കൾ ഘടിപ്പിച്ചിട്ടുണ്ടെന്നും അവ പ്രവർത്തനക്ഷമമാണെന്നും ഉറപ്പുവരുത്തേണ്ടതാണ്.

4. ടി പരിശോധനയ്ക്ക് വിധേയമാക്കി, സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കാത്ത വാഹനങ്ങൾ 01/06/2019 മുതൽ ( സ്കൂൾ തുറക്കുന്ന ദിവസം മുതൽ) സർവ്വീസ് നടത്താൻ അനുവദിക്കരുത്.

5. മെക്കാനിക്കൽ പരിശോധന വേളയിൽ താഴെ പറയുന്ന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

   a) വാഹനങ്ങളുടെ ടയറുകളുടെ കാര്യക്ഷമത.

   b) ലൈറ്റുകൾ, വൈപ്പർ ബ്ലേഡുകൾ, എമർജൻസി ഡോറുകൾ, ഡോർ ഹാൻഡിലുകൾ, കർട്ടണുകൾ മുതലായവ.

   c) കുട്ടികളുടെ ഇരിപ്പിടവും, പഠന സാമഗ്രികൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ.

6. സ്കൂൾ വാഹനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനോടൊപ്പം തന്നെ സ്കൂൾ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്കും ഒരു അവബോധന ക്ലാസ്സ് ( ഒരു ദിവസത്തെ) സ്കൂൾ തുറക്കുന്നതിനു മുമ്പായി തന്നെ എല്ലാ ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ മാരുടെ അധികാര പരിധിയിൽ നടത്തേണ്ടതാണ്. ടി ക്ലാസിൽ പങ്കെടുത്ത ഡ്രൈവർമാരെതന്നെ സ്കൂൾ വാഹനങ്ങളിൽ നിയോഗിക്കണമെന്ന നിർദ്ദേശവും നൽകേണ്ടതാണ്. സ്കൂൾ വാഹന ഡ്രൈവർമാർ 183 (B) സ്റ്റേറ്റ് റൂൾ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധനാ വേളയിൽ ഉറപ്പ് വരുത്തേണ്ടതാണ്. സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന EIB ഇതര വാഹനങ്ങൾ 'On School duty ' എന്ന ബോർഡ് വ്യക്തമായി പ്രദർശിപ്പിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകേണ്ടതാണ്. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ സ്കൂൾ തുറക്കുന്ന കാലയളവിൽ സ്കൂളിലേക്ക് കുട്ടികളുമായി വരുന്ന പ്രൈവറ്റ് വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ നിരീക്ഷിക്കേണ്ടതും ഓവർ ലോഡ് പോലുള്ള നിയമ ലംഘനങ്ങൾ കർശനമായി തുടക്കത്തിൽ തന്നെ നിർത്തലാക്കേണ്ടതുമാണ്. ഈ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് സ്കൂൾ അധികൃതരും അവിടത്തെ ട്രാഫിക് നോഡൽ ഓഫീസറുമായി ചേർന്ന് നടപടി സ്വീകരിക്കേണ്ടതാണ്.

എല്ലാ ആർ.ടി.ഒ. മാരും ജോയിന്റ് ആർ.ടി.ഒ. മാരും അവരവരുടെ അധികാര പരിധിയിൽ എത്ര EIB - കൾ ഉണ്ടെന്നും, അവയിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വാഹനങ്ങൾ എത്രയെന്നും ഉള്ള കണക്ക് ഒരു രജിസ്റ്ററാക്കി സൂക്ഷിക്കേണ്ടതാണ്.

റോഡു സുരക്ഷയ്ക്കും പ്രത്യേകിച്ച് സ്കൂൾ വാഹനങ്ങളുടെ സുരക്ഷയ്ക്കു വേണ്ടിയും, അപകട രഹിതമായ വിദ്യാഭ്യാസ വർഷത്തിനുവേണ്ടിയും നടത്തുന്ന ഈ പരിപാടിക്ക് പ്രത്യേക പരിഗണന കൊടുത്ത് എല്ലാവരും നടപ്പിലാക്കേണ്ടതാണെന്ന കർശന നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

17.5.2019

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

എകെ